എയ്ഡഡ് എൽ.പി.സ്കൂളുകളിൽ ലീവ് വേക്കൻസിയിൽ നിയമിതരായിട്ടുള്ളവരുടെ 1:45 അദ്ധ്യാപക വിദ്യാർത്ഥി അനുപാതം

59 (7025) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദീർഘകാല അവധിയിൽ പ്രവേശിച്ച അദ്ധ്യാപകർക്ക് പകരമായി എയ്ഡഡ് എൽ. പി. സ്കൂളുകളിൽ ലീവ് വേക്കൻസിയിൽ നിയമിതരായിട്ടുള്ളവരുടെ 1:45 അദ്ധ്യാപക വിദ്യാർത്ഥി അനുപാതമാണോ നിലവിലുള്ളത് ;

(ബി) അദ്ധ്യാപക പാക്കേജിന്റെ ഭാഗമായവർക്ക് എത്രയാണ് അദ്ധ്യാപക-വിദ്യാർത്ഥി അനുപാതമെന്ന് വ്യക്തമാക്കാമോ ;

(സി) ഇതേ അനുപാതം ദീർഘകാല അവധിയിൽ പ്രവേശിച്ചവരുടെ ഒഴിവിൽ ജോലിചെയ്യുന്ന അദ്ധ്യാപകർക്കും ബാധകമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ഡി) 1:45 അനുപാതം ഇല്ലാത്തതിനാൽ ഇത്തരത്തിൽ ലീവ് വേക്കൻസിയിൽ ജോലി ചെയ്തു വരുന്ന അധ്യാപകർക്ക് ശമ്പളം ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ അത്തരം അധ്യാപകർക്ക് ശമ്പളം നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അതെ.

(ബി) സർക്കാർ എയ്ഡഡ് മേഖലയിലുള്ള സ്കൂളുകളിൽ തസ്തിക നിർണ്ണയത്തിന് ഒരേ അനുപാതം(1:45) തന്നെയാണ് സ്വീകരിച്ചിട്ടുള്ളത്. എന്നാൽ അപ്രകാരം തസ്തിക നിർണ്ണയം നടത്തുമ്പോൾ അധികമായി വരുന്ന അംഗീകാരം ലഭിച്ച സർക്കാർ, എയ്ഡഡ് സ്കൂൾ റഗുലർ അദ്ധ്യാപകരെ നിലനിർത്തുന്നതിനായി മാത്രം നോഷണലായി 1:30/1:35 അനുപാതം ഉപയോഗിക്കാവുന്നതാണ്.

(സി) പരിഗണനയിലില്ല.

(ഡി&ഇ) പാക്കേജ് ഉത്തരവുപ്രകാരം അവധി ഒഴിവിൽ അദ്ധ്യാപക ബാങ്കിൽ നിന്നോ അല്ലെങ്കിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ മാത്രമേ നിയമനം നടത്താൻ പാടുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly